**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4796** **13-03-2023 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലും യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലും അനുവദനീയമായ എത്ര തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റിയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലും യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലും 52 വീതം അനുവദനീയമായ തസ്തികകളാണുള്ളത്. |
| (ബി) | വാട്ടർ അതോറിറ്റിയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ; അവയിൽ എത്രയെണ്ണം പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തുവെന്നും എത്രയെണ്ണം റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള ഒഴിവുകളെല്ലാം പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തു കഴിഞ്ഞു. |
| (സി) | വാട്ടർ അതോറിറ്റിയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ എത്രപേർ താൽക്കാലിക/ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ; | (സി) | വാട്ടർ അതോറിറ്റിയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ താൽക്കാലിക/ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ആരും തന്നെ ജോലി ചെയ്യുന്നില്ല. |
| (ഡി) | വാട്ടർ അതോറ്റിയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് ഒടുവിലായി പ്രൊമോഷൻ നടപടികൾ പൂർത്തിയാക്കിയത് എന്നാണെന്ന് വ്യക്തമാക്കുമോ; എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് 2023-ൽ നടത്തേണ്ട പ്രൊമോഷൻ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (ഡി) | വാട്ടർ അതോറ്റിയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് ഒടുവിലായി പ്രൊമോഷൻ നടപടികൾ പൂർത്തിയാക്കിയത് 20.09.2022ൽ ആണ്.<br><br>യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് യോഗ്യരായായ എൽ.ഡി. ടൈപ്പിസ്റ്റ്-കൾ ആരും തന്നെ നിലവിലില്ല. നിലവിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലുള്ളവരുട നിരീക്ഷണകാലം പൂർത്തിയാക്കുന്ന മുറക്ക് പ്രൊമോഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | വാട്ടർ അതോറിറ്റിയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലുള്ള മുഴുവൻ ഒഴിവുകളും അടിയന്തരമായി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | നിലവിലുള്ള ഒഴിവുകളെല്ലാം പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ